# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

ഗവ. എൽ. പി. എസ്
കാരിക്കുഴി



സ്ഥാപിതം - 1915

തലവടി ഗ്രാമപഞ്ചായത്ത്
വാർഡ് - II

തലവടി വിദ്യാഭ്യാസ ഉപജില്ല
കുട്ടനാട് വിദ്യാഭ്യാസ ജില്ല
ആലപ്പുഴ

# ഉള്ളടക്കം


* ആമുഖം
* ചരിത്രം, നേട്ടങ്ങൾ, പ്രതിസന്ധികൾ
* അക്കാദമിക കാഴ്ചപ്പാട്
* പ്രശ്നങ്ങൾ വെല്ലുവിളികൾ
  - അക്കാദമികം
  - ഭൗതികം
  - സാമൂഹികം
* മേഖല പ്രവർത്തനങ്ങൾ
  - മലയാളം
  - ഇംഗ്ലീഷ്
  - ഗണിതം
  - പരിസരപഠനം
  - കലാ കായിക പ്രവൃത്തി പരിചയം
  - മൂല്യ നിർണ്ണയം
  - സവിശേഷ പഠന പിന്തുണ
  - ഭൗതിക സൗകര്യ വികസനം
  - സമൂഹ ബന്ധ ആസൂത്രണം
* സമഗ്ര ഗുണമേൻമ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനം
* വെളിച്ചം *

# ഒരു വാക്ക്

വയലേലകളും നാട്ടുവഴികളും അതിരിടുന്ന പ്രകൃതിരമണീയമായ കാരിക്കുഴി ദേശത്തിൻെറ വിദ്യാഭ്യാസ സാംസ്കാരിക സ്വപ്നങ്ങൾക്ക് ദിശാബോധം നൽകി പ്രവർത്തിച്ചു വരുന്ന വിദ്യാലയമാണ് ഗവണ്മെൻറ് എൽ പി എസ്സ് കാരിക്കുഴി. ഒരുകാലത്ത് ഈ സമൂഹം ഒന്നടങ്കം നെഞ്ചിലേറ്റിയിരുന്ന ഈ വിദ്യാലയം ഇന്ന് ഏറെ പ്രതിസന്ധികൾക്കു നടുവിൽ നിലനിൽപ്പ് പോലും ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലാണ്.

സാമൂഹികവും സാമ്പത്തികവുമായ വൈവിധ്യങ്ങൾ ഉയർത്തുന്ന പരിമിതികളെ മറികടന്ന് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടും വിദ്യാഭ്യാസ അവകാശ നിയമവും മുന്നോട്ട് വെക്കുന്ന നേട്ടങ്ങൾ സമൂഹത്തിൽ എത്തിക്കേണ്ടതുണ്ട്. R T E നിയമം ഉയർത്തുന്ന അയൽപക്കവിദ്യാലയം എന്ന ഉദാത്തമായ സങ്കൽപം സാർഥകമാകണമെങ്കിൽ പ്രാദേശിക സമൂഹം ഈസ്ഥാപനത്തെ ഏറ്റെടുക്കേണ്ടതുണ്ട്. ലിംഗം ജാതി, മതം, ഭാഷ, ദേശം, സംസ്കാരം, ശാരീരികമായ വെല്ലുവിളികൾ മുതലായവയിൽ നിന്നുടലെടുക്കുന്ന പരിമിതികളെ അതിജയിച്ചുവേണം മുന്നോട്ട് പോകാൻ. പ്രാദേശികസമൂഹത്തെ വിദ്യാലയത്തോട് ചേർത്ത് നിർത്തിക്കൊണ്ട് സ്ഥാപനം ഇന്ന് നേരിടുന്ന പരിമിതികളെ ഒന്നൊന്നായി മറികടന്നു വേണം ലക്ഷ്യപ്രാപ്തിയിലേക്കെത്താൻ.

സംസ്ഥാനഗവണ്മെൻറിൻെറ പൊതുവിദ്യാലയസംരക്ഷണയജ്ഞത്തിൻെറ ഭാഗമായി സംസ്ഥാനത്തുടനീളം പൊതുവിദ്യാലയങ്ങൾ മികവിൻെറ കേന്ദ്രങ്ങളായിത്തീരുമ്പോൾ ആ വഴിയ്ക്കുള്ള ഒരു ശ്രമമായി അക്കാദമീയ മാസ്റ്റർ പ്ലാൻ രൂപപ്പെടുകയാണ് കാലത്തിൻെറയും ദേശത്തിൻെറയും ആശയ്ക്കും ആവശ്യങ്ങൾക്കും അനുസരിച്ച് ഭേദഗതിയ്ക്കനുകൂലമായ ഒരു തുറന്നസമീപനമാണ് ഇതിലുള്ളത്

# കാരിക്കുഴി സ്കൂൾ - ചരിത്രം

വയലേലകളും നാട്ടുവഴികളും അതിരിടുന്ന പ്രശാന്ത സുന്ദരമായ കാരിക്കുഴി ഗ്രാമത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക സ്വപ്നങ്ങൾക്ക് നിറവും ചിറകും നൽകിയ വിദ്യാലയമാണ് ഗവ: എൽ.പി. എസ്. കാരിക്കുഴി. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിലെ തലവടി പഞ്ചായത്തിലെ രണ്ടാം വാർഡിലാണ് ഈ പാഠശാല നിലകൊള്ളുന്നത്. നിലത്തെഴുത്ത് ആശാൻ കളരിയായിരുന്ന ഈ വിദ്യാലയം സാമൂഹിക പ്രതിബദ്ധതയുള്ള മനുഷ്യസ്നേഹികളുടെ ശ്രമഫലമായി 1915ൽ എൽ.പി. സ്കൂളായി സ്ഥാപിക്കപ്പെട്ടു. പരിമിതമായ സൗകര്യങ്ങളോടെ ആരംഭിച്ച ഈ വിദ്യാലയത്തിൽ അഞ്ചാം തരം വരെ ക്ലാസുകളുണ്ടായിരുന്നു. മണപ്രാൻ സ്കൂൾ എന്ന് പ്രാദേശികമായി അറിയപ്പെടുന്ന ഈ പാഠശാലയുടെ ഇപ്പോൾ കാണുന്ന കെട്ടിടം 1959 ലാണ് നിർമ്മിച്ചത്. ഇന്നാട്ടിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക ഔദ്യോഗിക രംഗങ്ങളിൽ ഉന്നത നിലയിൽ പ്രവർത്തിക്കുന്നവരെല്ലാം ഈ വിദ്യാലയത്തിന്റെ പടി കടന്നു പോയവരാണ്.

പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഇവിടെ അധ്യയനം നടന്നുവരുന്നു. ഒരു പ്രാഥമിക വിദ്യാലയത്തിനു വേണ്ട ശാന്തതയും ശാലീനതയും ഒത്തുചേർന്ന ഈ സ്ഥാപനം ഇന്ന് കടുത്ത വെല്ലുവിളികൾ നേരിടുന്നു. പ്രീ പ്രൈമറി വിഭാഗത്തിൽ ഒരധ്യാപികയും എൽ. പി. വിഭാഗത്തിൽ പ്രധാനധ്യാപിക ഉൾപ്പെടെ രണ്ട് അധ്യാപകരും സേവനം അനുഷ്ഠിക്കുന്നു. 2017 ജൂൺ മുതൽ പാർട്ട് ടൈം കണ്ടിജന്റ് മീനിയലും ഈ സ്ഥാപനത്തിൽ സേവനം ചെയ്തു വരുന്നു.

വിദ്യാഭ്യാസ മേഖലയിൽ കാലികമായി നടന്നു വരുന്ന എല്ലാ പ്രവർത്തനങ്ങളും ഏറ്റവും മികച്ച രീതിയിൽ വിദ്യാലയം ഏറ്റെടുത്ത് നടത്തി വരുന്നു. ഉപജില്ലാ തലത്തിൽ നടക്കുന്ന കലോത്സവങ്ങളിലും ശാസ്ത്ര മേളകളിലും മത്സര പരീക്ഷകളിലും പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.
SMC, SRG, MPTA തുടങ്ങിയ ഔപചാരിക

വേദികളിലെല്ലാം കൃത്യമായ പ്രവർത്തന പദ്ധതികളോടെ പരിമിതികൾക്കുള്ളിലും നിലനിൽക്കുന്നുണ്ട്. അക്കാദമീയ പ്രാധാന്യമുള്ള ദിനാചരണങ്ങളും ആഘോഷങ്ങളും ഏറ്റവും മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിച്ചു വരുന്നു. വ്യക്തിശ്രദ്ധ നൽകി ഓരോ കുട്ടിയുടെയും മികവും കുറവും തിരിച്ചറിഞ്ഞു ആവശ്യമായ പിന്തുണ നൽകാൻ അദ്ധ്യാപകർക്ക് കഴിയുന്നുണ്ട്.

വർഷം തോറും കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവാണ് ഈ വിദ്യാലയം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. SSA യുടെ ആവർത്തന സ്വഭാവമുള്ള സാമ്പത്തിക പിന്തുണയോടെ പ്രവർത്തനങ്ങൾ നടക്കുന്നുവെങ്കിലും ഭൗതിക സൗകര്യങ്ങൾ ഒട്ടും തൃപ്തികരമല്ല. സമീപ വിദ്യാലയങ്ങളെല്ലാം ഗതാഗത സൗകര്യമൊരുക്കി വിദ്യാലയപരിസരത്തുനിന്നു പോലും കുട്ടികളെ ആകർഷിക്കുമ്പോൾ ഈ സ്കൂളിന് ഗതാഗത സൗകര്യം ഒരുക്കാൻ കഴിയുന്നില്ല. വിദ്യാഭ്യാസഅവകാശ നിയമം മുന്നോട്ടുവെക്കുന്ന അയൽപക്ക വിദ്യാലയം എന്ന സങ്കല്പം ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തി ആകർഷമാക്കിയും ജന സാമാന്യത്തിന്റെ വിശ്വാസം ആർജിച്ചെടുക്കുന്ന തലത്തിൽ അക്കാദമീയ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുകയും ചെയ്യേണ്ടതുണ്ട്. വിദ്യാലയജീവനക്കാരും SMC യും പൂർവ്വ വിദ്യാർത്ഥികളും അഭ്യുദയകാംക്ഷികളും ജനപ്രതിനിധികളും ഉൾപ്പെടുന്ന ജനകീയ ഇടപെടലിലൂടെ മാത്രമേ ഈ സ്ഥാപനത്തെ മെച്ചപ്പെടുത്താൻ കഴിയൂ.

## ❖ അക്കാദമിയ കാഴ്ചപ്പാട്

വിദ്യാഭ്യാസ അവകാശ നിയമം മുന്നോട്ടുവെക്കുന്ന അയൽപക്ക
വിദ്യാലയം എന്ന സങ്കല്പം സാർത്ഥകമാക്കാനായി വിദ്യാലയ ഗുണത
ഉറപ്പുവരുത്തും ആധുനിക വിദ്യാഭ്യാസ സങ്കേതങ്ങൾ പരമാവധി പ്രയോജന
പ്പെടുത്തി ഗുണമേന്മാ വിദ്യാഭ്യാസം നേടിയെടുക്കും. അതിനായി
നിരന്തര മൂല്യനിർണ്ണയത്തിന്റെ കാര്യക്ഷമമായ പ്രയോഗവൽക്കരണത്തി
ലൂടെ ഓരോഘട്ടവും മുന്നോട്ടുവെക്കുന്ന പഠനനേട്ടങ്ങൾ ആർജിച്ചെടുക്കു
ന്നുവെന്നുറപ്പുവരുത്തും. ജാതി, മത,വർഗ്ഗ,വർണ്ണ,ലിംഗ വിവേചനങ്ങൾ
മറികടന്ന് മാതൃകാ സമൂഹ സൃഷ്ടിക്കായി പുതുതലമുറയെ സജ്ജമാക്കാൻ
ഈ സ്കൂളിനു കഴിയണം. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെ
ആവശ്യമായ പിന്തുണ യഥാസമയം നൽകി മുഖ്യധാരയിൽ ചേർത്തു
നിർത്തും. പരിസ്ഥിതി സൗഹാർദ്ദപരമായ കാഴ്ചപ്പാടിലൂന്നിയ സുസ്ഥിര
വികസനത്തിനുതകുന്ന മാതൃകാ സമൂഹത്തിന്റെ പ്രതീക്ഷകൾ
ഈ വിദ്യാലയം നെഞ്ചിലേറ്റും. ഭാഷാപഠന രീതി തുറന്നിടുന്ന സാധ്യതകൾ
നിലനിർത്തി പരിമിതികൾ തരണം ചെയ്യാനായി പരിഹാരബോധന
പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തും. വരുന്ന അഞ്ചു വർഷക്കാലം കൊണ്ട്
വിദ്യാഭ്യാസ ഗുണതയും തുല്യതയും ഉറപ്പുവരുത്തുന്നതരത്തിൽ സമസ്ത
മേഖലയിലും ധനപരമായ പരിവർത്തനം കൈവരിക്കും. ആധുനിക ശാസ്ത്ര
സാങ്കേതിക പുരോഗതി ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട്
ഭൗതികസൗകര്യങ്ങൾ മികവുറ്റതാക്കും. പ്രവേശനം നേടുന്ന മുഴുവൻ
കുട്ടികൾക്കും സമസ്തമേഖലകളിലും പരമാവധി വളർച്ച ഉറപ്പുവരുത്തി
അന്താരഷ്ട്ര നിലവാരത്തിലേക്കു നയിക്കും. നിരന്തരവും സമഗ്രവുമായ
വിലയിരുത്തലുകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ കാലികമായ
പഠനഗവേഷണഫലങ്ങളെ സ്വാംശീകരിച്ചു കൊണ്ട് മുമ്പോട്ട് പോകും.
പാഠശാലയുടെ പടി കടന്നെത്തുന്ന കുട്ടികളെ പ്രാദേശികമായ
സങ്കുചിതത്വത്തിൽ നിന്ന് അന്തർദേശീയമായ അറിവുകളിലേക്കും
അനുഭവങ്ങളിലേക്കും നയിക്കാൻ കഴിയും.

## ❖ പൊതുലക്ഷ്യങ്ങൾ

- പ്രവേശനം നേടുന്ന എല്ലാ കുട്ടികളുടെയും സമഗ്രവികസനത്തിനുതകുന്ന ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തും.
- കുട്ടികളുടെ സർഗ്ഗപരവും അക്കദമികവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് വിവിധതലങ്ങളിൽ ശ്രദ്ധേയരായ പൗരന്മാരെ വളർത്തും.
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും യഥാകാലം നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പുവരുത്തും.
- മാതൃഭാഷയിലും ഇംഗ്ലീഷിലും മികച്ച നിലവാരം ഉറപ്പുവരുത്തും.
- ജീവിത നൈപുണികളിൽ മാതൃകാപരമായ നില കൈവരുത്തും.
- പരിസ്ഥിതി സൗഹാർദ്ദപരമായ കാഴ്ചപ്പാടും മാനവികതയിലൂന്നിയ മൂല്യബോധവും വളർത്തും.
- ആധുനിക വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തും.
- ആരോഗ്യ, കലാ, കായിക, പ്രവൃത്തിപരിചയ മേഖലകളുടെ സമഗ്രവികാസം ഉറപ്പുവരുത്തും.
- പടിപടിയായി അന്തർദേശീയ തലത്തിലേക്ക് വിദ്യാലയത്തെ മാറ്റി – എടുക്കും.



# PROFILE

**NAME OF SCHOOL: GOVT LPS KARIKUZHY**

**ESTD: 1915**

**NAME OF REVENUE VILLAGE: THALAVADY**

**NAME OF CLUSTER: GOVT MODEL UPS THALAVADY**

**NAME OF PANCHAYATH: THALAVADY**

**NAME OF SUB DISTRICT: THALAVADY**

**NAME OF BLOCK: CHAMPAKULAM**

**NAME OF EDUCATIONAL DISTRICT: KUTTANADU**

**NAME OF REVENUE DISTRICT: ALAPPUZHA**

**NAME OF HM WITH PHONE:** MINI M JOSEPH

**9961288343**

## പ്രശ്നങ്ങൾ വെല്ലുവിളികൾ

| പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതിപ്രവർത്തനങ്ങൾ |
|---|---|---|
| **അക്കാദമീയം** | | അക്ഷരം ഉറപ്പിക്കൽ |
| • ഭാഷാപരമായ പിന്നോക്കാവസ്ഥ(മലയാളം) | | വായനക്കാർഡ് |
| • വായനാ പോഷണം | | കഥ പൂരണം |
| • ലേഖനപോഷണം | പ്രാഥമിക നില നിർണ്ണയം | വായനാ കൂട്ടം ക്ലാസ് ലൈബ്രറി |
| • ഭാഷാപരമായ പിന്നോക്കാവസ്ഥ(ഇംഗ്ലീഷ ) | പ്രവർത്തന പാക്കേജ് | |
| • വായനാ പോഷണം | | അമ്മ വായന |
| • ലേഖനപോഷണം | | അഭിമുഖങ്ങൾ പതിപ്പുകൾ സ്കൂൾ പത്രം |
| • ഗണിതത്തിലെ പിന്നോക്കവസ്ഥ ചതുഷ്ക്രിയകൾ,സംഖ്യാ ബോധം,പ്രശ്ന നിർധാരണം) | | എന്റെ നിരീക്ഷണ/ പരീക്ഷണ പുസ്തകം |
| • ശാസ്ത്രം | | |
| • കായികപരിശീലനം | | പരിശീലനം |
| • പ്രവൃത്തിപരിചയപരിശീലനം | | |
| • കലാ പരിശീലനം | പ്രത്യേക അദ്ധ്യാപക നിയമനം | |
| • പഠനയാത്രകൾ | | |
| • ലൈബ്രറി | സൗകര്യങ്ങൾ വർദ്ധിപ്പിക്കുക | |
| • ലാബ് | | |
| • കൗൺസലിങ്ങ് | | പരിശീലനം |
| • മൂല്യനിർണ്ണയം | പ്രത്യേക അദ്ധ്യാപക നിയമനം | പരിശീലനം |
| • പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ബോധനം | | |
| • ടാലൻറ് ലാബ് | പ്രവർത്തന പാക്കേജ് | |

| | | |
|---|---|---|
| **ഭൗതികം** | | |
| ➢ അഡീഷണൽ ക്ലാസ് മുറികൾ | | നിർമ്മാണ പ്രവർത്തനം |
| ➢ ശിശു സൗഹൃദ ഫർണിച്ചറുകൾ | | സാമഗ്രികൾ വാങ്ങൽ |
| ➢ കളിയുപകരണങ്ങൾ | | സാമഗ്രികൾ വാങ്ങൽ |
| ➢ ആധുനിക സൗകര്യങ്ങളൊടെയുള്ള പാചകപ്പുരയും ഡൈനിങ് ഹാളും | | |
| ➢ കമ്പ്യൂട്ടർ സൗകര്യങ്ങൾ ഹൈടെക്ക് ക്ലാസ്സ് റൂമുകൾ | | നിർമ്മാണ പ്രവർത്തനം |
| ➢ ശബ്ദ സംവിധാനം | | നിർമ്മാണ പ്രവർത്തനം |
| ➢ കിഡ്സ് പാർക്ക് | | സാമഗ്രികൾ വാങ്ങൽ |
| ➢ ലാബ് ലൈബ്രറി സൗകര്യങ്ങൾ | | സാമഗ്രികൾ വാങ്ങൽ |
| ➢ സംഗീതോപകരണങ്ങൾ | | നിർമ്മാണ പ്രവർത്തനം |
| ➢ വാഹന സൗകര്യം | സ്പോൺസർഷിപ്പ് വഴിയോ അല്ലാതെയൊ വാഹനം വാങ്ങൽ | |
| ➢ അലമാരകൾ | | നിർമ്മാണ പ്രവർത്തനം |
| ➢ ജൈവവൈവിധ്യ പാർക്ക് | | നിർമ്മാണ പ്രവർത്തനം |
| ➢ ആഡിറ്റോറിയം | | നിർമ്മാണ പ്രവർത്തനം |
| ➢ ടോയ് ലറ്റുകൾ (ഗേൾസ് ഫ്രണ്ട്‌ലി,അഡാപ്റ്റഡ്) | | നിർമ്മാണ പ്രവർത്തനം |
| ➢ ഇൻസിനേറ്റർ | | നിർമ്മാണ പ്രവർത്തനം |
| ➢ ചുറ്റുമതിൽ ആകർഷകമാക്കൽ | | |
| ➢ കുടിവെള്ളവിതരണവും,ഡ്രെയിനേജും. | | |

# "വെളിച്ചം"

# പ്രവർത്തനങ്ങൾ

## പ്രവർത്തനങ്ങൾ

* പ്രീ-ടെസ്റ്റ്
* അക്ഷരവരം
* അക്ഷരത്തോണി.
* ചിത്രത്തിൽ നിന്ന് അക്ഷരം, വാക്ക്.
* വിവിധ വർക്ക്ഷീറ്റുകൾ
* മലയാളത്തിളക്കവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
* Hallo-english. പ്രവർത്തനങ്ങൾ
* ICT സാധ്യതയുടെ പ്രയോജനം.
* സ്കൂൾ പഠനം.

സമഗ്ര - ഗുണമേന്മ പദ്ധതി
വിദ്യാലയം ഏറ്റെടുത്ത്
നടത്തുന്ന പ്രവർത്തനം.

"വെളിച്ചം".

* മലയാളം - ഇംഗ്ലീഷ്
ഭാഷകൾ അനായാസം
എഴുതാനും വായിക്കാനും
ഉള്ള പ്രവർത്തനം".

# മേഖല – ഭൗതികസൗകര്യ വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതത്വം | മേജർ റിപ്പയറിംഗ് | 2023-24 അധ്യയന വർഷം | SMC | LSGD ഫണ്ട് |
| സുരക്ഷിതത്വം | പ്രീ-പ്രൈമറിക്കായ് ക്ലാസ് മുറി | അടുത്ത അധ്യയന വർഷം | PWD | MLA/MP ഫണ്ട് |
| ശിശു സൗഹൃദാന്തരീക്ഷം | പ്രീ-പ്രൈമറിക്കായ് കിഡ്സ് പാർക്ക് | അടുത്ത അധ്യയന വർഷം | SMC | SSK ഫണ്ട് |
| ഭൗതിക സൗകര്യ വികസനം | ആധുനിക സൗകര്യങ്ങളോടെ പാചകപ്പുരയും ഡൈനിങ് ഹാളും | 2 വർഷം | PWD | MLA/MP ഫണ്ട് |
| ICT പ്രയോജനപ്പെടുത്തൽ | സ്മാർട്ട് ക്ലാസ്റൂം സൗകര്യം. | 2 വർഷം | IT@School | വിദ്യാഭ്യാസ വകുപ്പ് |
| Campus as a learning aid | ജൈവ വൈവിധ്യ ഉദ്യാനം ഒരുക്കൽ | അടുത്ത അധ്യയന വർഷം | SMC | SSA ഫണ്ട് |
| യാത്രാസൗകര്യം മെച്ചപ്പെടുത്തൽ | വാഹന സൗകര്യം | അടുത്ത അധ്യയന വർഷം | SMC | സ്പോൺസർഷിപ്പ് |
| പഠനപിന്തുണ | ലാബ്, ലൈബ്രറി നവീകരണം | അടുത്ത അധ്യയന വർഷം | PWD SRG | വിദ്യാഭ്യാസ വകുപ്പ് |
| Campus as a learning aid | ചുറ്റുമതിൽ ആകർഷകമാക്കൽ | 2 വർഷം | SMC | LSGD ഫണ്ട് |
| സൗന്ദര്യവത്കരണം | മുറ്റം ടൈലോട് പാകൽ | അടുത്ത അധ്യയന വർഷം | SMC | LSGD ഫണ്ട്. |

# മേഖല - അക്കാദമികം
## സവിശേഷ പഠന പിന്തുണ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മത്സരപരീക്ഷകൾക്കും LSS നും പഠനപിന്തുണ | • ജി.കെ കോർണർ<br>• ക്വിസ്<br>• വിജ്ഞാനോത്സവം.<br>• L.S.S പരിശീലനം | അധ്യയന വർഷം | SRG | |
| പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കൽ | • പ്രത്യേകപരിശീലനം നേടൽ<br>• അനുരൂപീകരണം<br>• പ്രത്യേക വർക്ക്ഷീറ്റുകൾ | | ക്ലാസ്ടീച്ചർ | |
| ടാലന്റ് ലാബ് | • ക്യാമ്പുകൾ<br>• പട്ടിക തയ്യാറാക്കൽ<br>• പൊതുപരിശീലനം<br>• പൊതുവേദികൾ സംഘടിപ്പിക്കൽ | അധ്യയന വർഷം | SRG | |

# മേഖല - അക്കാദമികം

## മൂല്യനിർണ്ണയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക | • നിരന്തര മൂല്യനിർണ്ണയം<br>• ടേം മൂല്യനിർണ്ണയം<br>• പരിഹാര ബോധന പാക്കേജ് | അദ്ധ്യയന വർഷം | SRG<br>ക്ലാസ് ടീച്ചർ | |

മേഖല - അക്കാദമികം.

ഉപമേഖല - കലാ കായിക പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ, കലാ, കായിക, പ്രവൃത്തി പരിചയ മേഖലകളുടെ സമഗ്രവികാസം ഉറപ്പുവരുത്തൽ | • ശിൽപശാലകൾ<br>• യോഗാപരിശീലനം<br>• പ്രദർശനങ്ങൾ<br>• ലളിതകലാ പഠനകേന്ദ്രം<br>• കായികപരിശീലനം<br>• കലോത്സവങ്ങളിലെ പങ്കാളിത്തം<br>• ശാസ്ത്രമേളകളിലെ പങ്കാളിത്തം | അധ്യയനവർഷം | SRG<br>SMC<br>അധ്യാപകർ | |

# മേഖല - അക്കാദമികം
# ഉപമേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | • കണ്ടെത്താം അറിയാം ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>• കുറിപ്പു തയ്യാറാക്കൽ | അധ്യയന വർഷം | SRG EVS ടീച്ചർ | |
| പ്രകൃതിവിഭവ സംരക്ഷണം | • പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം<br>• ഫീൽഡ് ട്രിപ്പുകൾ | ജൂൺ - ഡിസംബർ | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | • ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>• ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | വർഷം മുഴുവൻ | SRG EVS ടീച്ചർ | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | SRG SMC | |

| | | | | |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | SRG ഗണിതാധ്യാപകർ | |
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഗണിതത്തിലെ ചതുഷ്ക്രിയകൾ, പ്രശ്നനിർധാരണം എന്നിവയിൽ ശേഷി വികസിപ്പിക്കൽ | • നില നിർണ്ണയം<br>• സംഖ്യാ ചിത്രങ്ങൾ തയ്യാറാക്കൽ,<br>• സംഖ്യാ ബോധത്തിനായി പാറ്റേണുകൾ കണ്ടെത്തൽ,<br>• അബാക്കസ് പ്രയോജനപ്പെടുത്തൽ,<br>• മാന്ത്രികചതുരങ്ങൾ,<br>• ഗണിതകേളികൾ | അധ്യയനവർഷം. | SRG<br>ക്ലാസ് ടീച്ചർ | |
| ഗണിതശാസ്ത്രപഠനം രസകരമാക്കൽ-കര ചലനശേഷി വികാസം | • ഒറിഗാമിരൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | SRG<br>ഗണിതാധ്യാപകർ | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | • ഗണിതലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | |

## മേഖല - അക്കാദമികം
## ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | • പ്രാഥമിക നില നിർണ്ണയം നടത്തി മികവുകളും പോരായ്മകളും കണ്ടെത്തുക,<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ,<br>• ലളിതമായ ഇംഗ്ലീഷ് പുസ്തക ലൈബ്രറി, | ടേം ഒന്ന് | SRG<br>ഇംഗ്ലീഷ് അധ്യാപകർ | |
| | • Picture stories, Story Books, Rhymes<br>• Word of the day.<br>• Reading cards<br>• Wall Magazine<br>• പാടാനും ആടാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രയോജനപ്പെടുത്തൽ.<br>• ഇംഗ്ലീഷ് അസംബ്ലി<br>• മത്സരങ്ങൾ<br>• പദനിർമ്മാണം<br>• പദപ്രശ്നം | അധ്യയന വർഷം | SRG<br>ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| ലേഖന പോഷണം | • വായനാക്കുറിപ്പ് പതിപ്പ്,<br>• വായനാക്കാർഡ് നിർമ്മാണം,<br>• ഇൻലന്റ് മാഗസിൻ<br>• ക്ലാസ് മാഗസിൻ<br>• ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>• വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.<br>• സ്കൂൾ പത്രം<br>• കഥാ, കവിതാ പതിപ്പുകൾ | അധ്യയന വർഷം | SRG<br>എല്ലാ അധ്യാപകർ | | |

# പ്രവർത്തനങ്ങൾ

## മേഖല - അക്കാദമികം

## ഉപമേഖല - മലയാളം (മാതൃഭാഷ)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പാക്കൽ,<br>• ചിഹ്നം ഉറപ്പാക്കൽ,<br>• വായനാക്കാർഡ്, അക്ഷരം/പദം/വാക്യം<br>• അടിക്കുറിപ്പ്<br>• കഥപറയൽ,<br>• കഥാപൂരണം,<br>• ചിത്രവിവരണം. | ടേം ഒന്ന്<br>ടേം രണ്ട് | SRG | |
| വായനാപോഷണം | • വായനാമൂല,<br>• ക്ലാസ് ലൈബ്രറി ഒരുക്കൽ,<br>• വായനോത്സവം,<br>• പത്രവായന<br>• അമ്മവായന,<br>• പുസ്തകചർച്ച,<br>• വായനാക്കുറിപ്പ്,<br>• ദിനാചരണങ്ങൾ,<br>• അഭിമുഖങ്ങൾ | അധ്യയന വർഷം | SRG<br>ക്ലാസ് ടീച്ചർ | |

| | | |
|---|---|---|
| <u>**സാമൂഹികം**</u><br>▪ കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്<br>▪ പഠന പിന്തുണ നൽകാൻ കഴിയാത്ത അവസ്ഥ<br>▪ ദിനാചരണങ്ങൾ<br>▪ റിസോഴ്സ് മാപ്പിങ്ങ്<br>▪ ഫലപ്രദമല്ലാത്ത കൂട്ടായ്മകൾ<br>▪ വിദ്യാലയ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | വാഹന സൗകര്യം<br>ഫീൽഡ് സർവ്വെ<br>ബോധവൽക്കരണം<br>ബോധവൽക്കരണം | വാഹന സൗകര്യം<br>ഫീൽഡ് സർവ്വെ<br>ബോധവൽക്കരണം<br>ബോധവൽക്കരണം<br>പരിശീലനം<br>ബോധവൽക്കരണം<br>ബോധവൽക്കരണം |